Draft #33 of File 26895/AD A1/3/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 21-Oct-2019 12:15 PM - Page 1

150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**<u>സംഗ്രഹം</u>**

ഭരണകാര്യം: കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷകൾ - ചോദ്യങ്ങൾ മലയാളത്തിലും ഇംഗ്ലീഷിലും തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി രൂപീകരിച്ച സർക്കാർ ഉപസമിതി - ഉപസമിതി യോഗത്തിൽ പങ്കെടുക്കുന്നതിനായി സർവ്വകലാശാല പ്രതിനിധിയെ നിയോഗിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 5051/AD A1/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 21.10.2019

---

പരാമർശം:-കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഉപസമിതി കൺവീനർ പ്രൊഫ. വി കാർത്തികേയൻ നായർ -ടെ 15.10.2019 തീയതിയിലെ കത്തിന്മേലുള്ള വൈസ് ചാൻസലറുടെ ഉത്തരവ്.

**<u>ഉത്തരവ്</u>**

ബഹു. മുഖ്യമന്ത്രി 09.10.2019 -ന് വിളിച്ച ചേർത്ത വൈസ് ചാൻസിലർമാരുടെ യോഗതീരുമാനപ്രകാരം മലയാളത്തിലും ഇംഗ്ലീഷിലും ചോദ്യങ്ങളുണ്ടാക്കുവാൻ പി.എസ്.സി. യെ സഹായിക്കുന്നതിനായി ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ കൺവീനറായ ഒരു ഉപസമിതിയെ നിയോഗിച്ചിരുന്നു. ടി ഉപസമിതിയുടെ യോഗം 23.10.2019 തീയതി രാവിലെ 10.30 -ന് തിരുവനന്തപുരം, തമ്പാനൂർ, കെ.ടി.ഡി.സി ചൈത്രം ഹോട്ടലിലെ കോൺഫറൻസ് ഹാളിൽ ചേരുന്ന വിവരം സർവ്വകലാശാലയെ പരമാർശം പ്രകാരം അറിയിച്ചിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ പങ്കടുക്കുവാൻ സർവ്വകലാശാലയുടെ സ്ഥിരം പ്രതിനിധിയായി നിശ്ചയിച്ചിട്ടുള്ള ഉദ്യോഗസ്ഥനെ നിയോഗിക്കണമെന്നും അഭ്യർത്ഥിച്ചിരുന്നു.

ആയതിൻറെ അടിസ്ഥാനത്തിൽ, പ്രസ്തുത യോഗത്തിൽ പങ്കെടുക്കുന്നതിനായി സർവ്വകലാശാലയുടെ പ്രതിനിധിയായി പ്രോ-വൈസ് ചാൻസലറെ നിയോഗിച്ചുകൊണ്ട് വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

പ്രേംകുമാർ ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. പ്രൊഫ. സി റ്റി അരവിന്ദകുമാർ,, പ്രോ വൈസ് ചാൻസലർ
2. ഡയറക്ടർ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
3. വൈസ് ചാൻസലർ/ പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
4. രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ/ പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എമാർ
5. എ.ആർ./ ഡി.ആർ./ ജെ.ആർ. (ഭരണം/അക്കാദമികം/ ധനകാര്യം/ പരീക്ഷാ)
6. പി.ആർ.ഒ./ റെക്കോർഡ്സ് സെക്ഷൻ/ കണ്ടെൻറ് മാനേജ്മെൻറ് സെക്ഷൻ/ സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/ ഐ.ക്യൂ.എ.സി.
7. സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി/ ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ